പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 3739

26.06.2012 -ൽ
മറുപടിയ്ക്ക്

ഖാദി ഗ്രാമ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കൽ

ചോദ്യം

ഉത്തരം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ:

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
( സഹകരണവും ഖാദി ഗ്രാമ
വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) ഖാദി ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(എ) സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതിയനുസരിച്ച് (Income Support Scheme)2010-11 വർഷം 10 കോടി രൂപ അനുവദിച്ചു. 2011 -12 വർഷം 14.68 കോടി അനുവദിച്ചു. ടി പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ഓണക്കാലത്ത് ഉത്സവബത്ത 500 രൂപയിൽ നിന്നും 650 രൂപയായി വർദ്ധിപ്പിച്ചു നൽകി.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും, കാസറഗോഡ് ജില്ലയിലെ ഉദുമയിലും പ്രവർത്തിക്കുന്ന സിൽക്ക് റീലിംഗ് സെന്ററുകളിലെ ഖാദി തൊഴിലാളികളുടെ വേതനം 70 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിച്ചു നൽകി.

ഖാദി മേഖലയിൽ 3 ഖാദി ഉൽപ്പാദന യൂണിറ്റുകൾ (തിരുവനന്തപുരം ജില്ലയിലെ വെള്ളറട, മലപ്പുറം ജില്ലയിലെ പുലാമന്തോൾ, കണ്ണൂർ ജില്ലയിലെ

അഴിക്കോട്) ആരംഭിച്ചു.

ഖാദിബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഖാദിസഹകരണ സംഘ ങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2011-12 വർഷം 25 ലക്ഷം രൂപയും ഖാദി സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 7 സഹകരണ സംഘങ്ങൾക്കും 11 ഖാദി സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ സാധിച്ചു.

ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2011-12 വർഷം 10 ലക്ഷം രൂപ നൽകി. ഇതിലൂടെ 200 മേശയും 200 കസേരയും തൊഴിലാളികൾക്ക് വിതരണം ചെയ്തു.

പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിക്കാർക്കു തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുമ്പോൾ 65 പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയും.

പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് വേണ്ടി 2011-12 വർഷത്തേക്ക് 10 ലക്ഷം രൂപ അനുവദിച്ചു. ഈ പദ്ധതിയിൻ കീഴിൽ തേനീച്ച കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കിവരുന്നുണ്ട്. തേനീച്ച കൂട് ഒന്നിന് 50% സബ്സിഡി (പരമാവധി 600 രൂപ) നൽകുന്നു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും നൽകിയ സി.ബി.സി. വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തി. വായ്പാ ദുരുപയോഗം ചെയ്യാത്ത കുടിശ്ശികക്കാരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മാർജിൻ മണി ഗ്രാന്റാക്കി മാറ്റിയും പിഴപലിശ ഒഴിവാക്കിയും ബാദ്ധ്യത അടച്ചുതീർക്കുന്നതിനൽ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2011-12 വർഷം 316.67 ലക്ഷം രൂപ വായ്പാ കുടിശ്ശികക്കാരിൽ നിന്നും ലഭിക്കുകയും അവർക്ക് പിഴപ്പലിശയിനത്തിൽ 106.03 ലക്ഷം രൂപ ഇളവ് നൽകുകയും ചെയ്തു.

സർക്കാരിന്റെ സ്റ്റേഷനറി ഡിപ്പാർട്ട് മെന്റിൽ നിന്നും ഫയൽ ബോർഡുകൾ നിർമ്മിച്ചു കൊടുക്കു ന്നതിനുള്ള അനുമതി ലഭിക്കുകയും അതിൻപ്രകാരം 6 ലക്ഷം ഫയൽ ബോർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഖാദി കമ്മിഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ 2011-12 വർഷം റിബേറ്റിനത്തിൽ 867.06 ലക്ഷം രൂപ അനുവദിച്ചു. ഇതുമൂലം ഖാദി മേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്.

ഏറ്റുമാനൂരിൽ പുതിയ ഒരു ഖാദി ഗ്രാമസൗഭാഗ്യ 2011 ഗാന്ധിജയന്തി ദിനത്തിൽ പ്രവർത്തനം ആരംഭിച്ചു. ഖാദി ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട്, കലൂർ എറണാകുളം,

പാലക്കാട്, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ സൗഭാഗ്യകൾ ആകർഷകമാക്കാൻ തീരുമാനി ച്ചിട്ടുണ്ട്.

ഖാദിബോർഡ് കഴിഞ്ഞ വർഷം ഓണം മേള ജില്ലകൾ തോറും സംഘടിപ്പിച്ചതിനു പുറമെ തിരുവനന്തപുരം വി.ജെ.റ്റി ഹാളിൽ ഓണം ഖാദി സിൽക്ക് ഫെസ്റ്റ് എന്ന പേരിൽ ഒരു പ്രദർശന വില്പന മേള നടത്തുകയുണ്ടായി. കഴിഞ്ഞവർഷം സംസ്ഥാനമൊട്ടാകെ ഓണംമേളകളിലൂടെ 16.49 കോടി രൂപയുടെ വില്പന നടന്നിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശം സർക്കാർ ജീവനക്കാർ മറന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വീണ്ടും നിർദ്ദേശം നൽകുമോ ? | (ബി) | ഇത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ